ESTD:1976

കാരവൽ

1196 തുലാം 25, 1442 റ.അവ്വൽ 24, 2020 നവംബർ 10 ചൊവ്വ

പ്രതിസന്ധി നേരിടുന്ന ഭരണ വ്യവസ്ഥിതി

കോവിഡും അഴിമതി-സ്വർണ്ണക്കടത്ത്-മയക്കുമരുന്നു കേസുകളും അധികൃതരുടെ നിഷ്ക്രിയത്വവും അഴിമതിക്കും നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കും ഉത്തേജനമാവുകയാണ്.

അഴിമതികൾക്കെതിരെ കേന്ദ്ര ഏജൻസികൾ അന്വേഷണം തുടരുമ്പോൾത്തന്നെ അതിനെതിരെ സംസ്ഥാനഭരണനേതൃത്വം സജീവമായി രംഗത്തെത്തുന്നു. മുഖ്യമന്ത്രിയും മന്ത്രിമാരിൽ പലരും ആരോപണവിധേയരാവുകയും മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ആൾ അറസ്റ്റിലാവുകയും ചെയ്തതോടെ ഔദ്യോഗിക രംഗം ഏതാണ്ട് നിഷ്ക്രിയരീതിയിലാണിപ്പോൾ. ഈ അവസ്ഥ മുതലെടുത്തുകൊണ്ട് അധോലോക-നിയമവിരുദ്ധ സംഘങ്ങൾ സജീവമായി രംഗപ്രവേശം ചെയ്യുന്നു.

വിവാദമായ സ്വർണ്ണക്കടത്തു പ്രശ്നം സംസ്ഥാനത്തെ അമ്പരപ്പിച്ചുകൊണ്ടിരിക്കുകയും അതിനെതിരെ കേന്ദ്ര ഏജൻസികൾ അതിശക്തമായ നടപടികൾ തുടരുകയും ചെയ്യുന്നതിനിടയിൽഒരു ദിവസം പോലും തെറ്റാതെ വൻ സ്വർണ്ണക്കടത്തുകൾ മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത തരത്തിൽ തുടരുന്നതു തന്നെ സാമൂഹ്യവിരുദ്ധ ശക്തികൾ തലയുയർത്തിയതിന്റെ പ്രകടമായ തെളിവാണ്.

സംസ്ഥാന സർക്കാർ ഓഫീസുകൾ ഇപ്പോൾ ജീവനക്കാർക്കു ശമ്പളത്തിനു വേണ്ടിമാത്രം തുറന്നു വച്ചിരിക്കുന്ന നിലയിലാണുള്ളത്. സർക്കാരിലേക്കു കിട്ടേണ്ട പണം ഈടാക്കുന്നതിനു നാമമാത്രമായി സർക്കാർ ഓഫീസുകളിൽ ജോലി നടക്കുന്നുണ്ടെന്നതൊഴിച്ചാൽ പൊതുജന ആവശ്യങ്ങൾ അപൂർവ്വമായേ ഉണ്ടാവുന്നുള്ളൂ.ഔദ്യോഗികതലത്തിലെ അനിശ്ചിതത്വം മുതലെടുത്തു സാമൂഹ്യവിരുദ്ധ ശക്തികൾ പൊതുമുതലുകൾ കൈയേറുകയും ഖനനങ്ങൾ ഉൾപ്പെടെയുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു.

സർക്കാർ ഓഫീസുകൾ പഞ്ചായത്തുതിരഞ്ഞെടുപ്പു ജോലികളിൽ വ്യാപൃതരാകാനേ താൽപ്പര്യമെടുക്കുന്നുള്ളൂ. തിരഞ്ഞെടുപ്പിനും പുതിയ ഭരണ സമിതിക്കും ജനങ്ങൾ ഉണ്ടായേ തീരൂ. എങ്കിലും അവരെക്കുറിച്ച് ആരും പരിഗണിക്കുന്നില്ലെന്ന അവസ്ഥയുമുണ്ട്.

സർക്കാരിനും ഭരണ വിഭാഗങ്ങൾക്കും എതിരെ മാത്രമല്ല, പ്രതിപക്ഷ പാർട്ടികൾക്കും നേതാക്കന്മാർക്കുമെതിരെയും ഗുരുതരമായ അഴിമതി ആരോപണങ്ങൾ ഉയരാൻ തുടങ്ങിയിരിക്കുന്നു. മാത്രമല്ല, അവയിലും നടപടി ആരംഭിച്ചതോടെ ഭരണവും പ്രതിപക്ഷവും രാഷ്ട്രീയ പാർട്ടികളും അഴിമതികളാണെന്നും അഴിമതിക്കുവേണ്ടിയുള്ളതാണെന്നുമുള്ള തെറ്റായ ബോധം സമൂഹത്തിൽ വളരുകയും ചെയ്യുകയാണ്. മാത്രമല്ല, ഈ വിഭാഗങ്ങൾ ഇപ്പോൾ സമൂഹത്തിലെ ശക്തിയും സ്വാധീനവുമുള്ള ഘടകമാണെന്ന തോന്നലും പൊതുവേ ശക്തമായിരിക്കുന്നു. അതിനാൽത്തന്നെ ഇവർക്കൊപ്പം നിൽക്കുന്നതാണ് ജീവിതത്തിനും ഭാവിക്കും നല്ലതെന്നതോന്നൽ സാധാരണക്കാർക്കുണ്ടാവുന്നു.

അനതിവിദൂരഭാവിയിൽ ഇതൊക്കെ ജനങ്ങളെ കൊണ്ടെത്തിക്കാനിരിക്കുന്നതു കടുത്ത അരാജകത്വത്തിലേക്കും അക്രമത്തിലേക്കും അനിശ്ചിതത്വത്തിലേക്കുമായിരിക്കുമെന്നു തിരിച്ചറിയേണ്ടതുണ്ട്. സുതാര്യവും നിഷ്പക്ഷവും സത്യസന്ധവുമായ ജീവിതം കൊണ്ടേ അപകടരമായ ഈ പ്രതിഭാസത്തെ സമൂഹത്തിൽ നിന്ന് അടർത്തിമാറ്റാനാവൂ. മാനവികതയുടെ സഹജസ്വഭാവങ്ങൾ മനുഷ്യരിൽ രൂഢമൂലമാകേണ്ടിയിരിക്കുന്നു.

ഈ മണ്ണിൽ ഒരാൾക്കോ, അയാളുടെ കുടുംബത്തിനോ മാത്രം ജീവിച്ചാൽ പോരാ.അങ്ങനെ ആർക്കും ജീവിക്കാനുമാവില്ല. കർഷകനും സൈനികരും ശാസ്ത്രജ്ഞരും ഡോക്ടർമാരും സാങ്കേതിക വിദഗ്ദ്ധരും ചേർന്നു രൂപപ്പെടുത്തിയ സമകാലിക സമൂഹ്യവ്യവസ്ഥയുടെ ഗുണഫലമാണ് നാം എല്ലാം അനുഭവിക്കുന്നത്. ഇതിൽ ഒരു ഘടകമില്ലാതായാൽ എല്ലാം അപൂർണ്ണമാവുകയേ ഉള്ളൂ. ആരും സ്വയം പര്യാപ്തരല്ല. എല്ലാവരും പരാശ്രയികളാണ്.

രാഷ്ട്രീയരംഗം മൂല്യച്യുതി നേരിടുമ്പോൾ നേരിന്റെ വഴി തെളിക്കാൻ ആത്മീയ ശക്തി തെളിയേണ്ടതാണ്. പക്ഷേ, അതിനുള്ള ശേഷി അവയ്ക്കും ശോഷിച്ചിരിക്കുന്നു. സാമൂഹ്യ-സാംസ്ക്കാരിക മേഖലകളാണ് പിന്നീട് പ്രത്യാശ നൽകേണ്ടത്. അവയുടെ സ്ഥിതി അതിലും ശോചനീയമായിരിക്കുന്നു. എല്ലാവരും ആഗ്രഹിക്കുകയും ആരും പറയാൻ ധൈര്യപ്പെടാത്തതുമായ സമ്പത്തിനോടുള്ള ആർത്തിയാണ് നാടിനെയും ജനങ്ങളെയും അസ്വസ്ഥമാക്കിയിട്ടുള്ളത്. ഇക്കാര്യം തുറന്നുപറഞ്ഞ് ആ വഴികൾ തെളിച്ചു കൊടുക്കുക എന്നതാണ് ഇനിയുള്ള മാർഗ്ഗം വ്യക്തികൾ അവരുടെ ആത്മാവിനോട് സത്യസന്ധതയും നീതിയും പുലർത്തണം.

പഞ്ചായത്ത് മെമ്പറെ ആദരിച്ചു

പൂച്ചക്കാട് : പള്ളിക്കര വാർഡ് തല ശാക്തീകരണ പ്രവർത്തനങ്ങൾക്ക് ആസൂത്രണ പാടവത്തോടെ പ്രയത്നിച്ച 17-ാം വാർഡ് മെമ്പർ എം സുന്ദരൻ കുറിച്ചിക്കുന്നിനെ വാർഡ് യു.ഡി.എഫ് കമ്മിറ്റി ആദരിച്ചു. യു.ഡി.എഫ് പള്ളിക്കര പഞ്ചായത്ത് കൺവീനർ സുകുമാരൻ പൂച്ചക്കാട് ഉദ്ഘാടനം ചെയ്തു. വാർഡ് യു.ഡി.എഫ് ചെയർമാൻ പി.കെ.പവിത്രൻ ആധ്യക്ഷം വഹിച്ചു. മുസ്ലീം ലീഗ് സ്വതന്ത്ര കർഷക സംഘം ജില്ലാ വൈസ് പ്രസിഡണ്ട് സോളാർ കുഞ്ഞഹമ്മദ് ഹാജി ഉപഹാരം നൽകി. സിദ്ധീഖ് പള്ളിപ്പുഴ, കെ.എൻ.രാജേന്ദ്രപ്രസാദ്, മാളികയിൽ കുഞ്ഞബ്ദുല്ല, എ എം ഖാദർ, മുഹാജിർ പൂച്ചക്കാട്, അസൂറാബി റാഷിദ്, റാഷിദ് കല്ലിങ്കാൽ, കുഞ്ഞിരാമൻ കുത്തറക്കാൽ, കുഞ്ഞാമ്മദ് പൂച്ചക്കാട്, തൊട്ടി ഹാരിസ്, മുനീർ സംസാരിച്ചു. സുന്ദര നന്ദി പറഞ്ഞു.

"ധാർമ്മികത" ഉണ്ടായിരിക്കണം...!

പൊതു പ്രവർത്തന രംഗത്ത് സംശുദ്ധി കാത്തു സൂക്ഷിക്കാൻ പ്രതിജ്ഞാ ബദ്ധരായവരാണ് ജനപ്രതിനിധികളും നേതാക്കളും. എന്നാൽ നമ്മുടെ രാജ്യത്ത്, പ്രത്യേകിച്ച് കേരളത്തിൽ ഇതൊക്കെ അസ്തമിച്ച് കാലങ്ങളെത്രയോ ആയി.

"ധാർമ്മികത"എന്ന വാക്കിന്റെ അർത്ഥം തന്നെ ഇപ്പോൾ പലരും വളച്ചൊടിക്കുകയാണ്. അവരവരുടെ ഇഷ്ടത്തിനനുസരിച്ച് ഉപയോഗിക്കുന്ന ഒരു പദമായി "ധാർമ്മികത" മാറിയെന്നതാണ് ഇന്നത്തെ സംസ്ഥാന രാഷ്ട്രീയം നമ്മോട് പറയുന്നത്.

ഇത്രയും ഇവിടെ കുറിക്കാൻ കാരണം, കഴിഞ്ഞ ദിവസം മഞ്ചേശ്വരം എം എൽ എയായ എം സി ഖമറുദ്ദീനെ അറസ്റ്റ് ചെയ്ത സംഭവമാണ്. "ധാർമ്മികത" ഉയർത്തിപ്പിടിച്ച് ഖമറുദ്ദീൻ എം എൽ എ സ്ഥാനം രാജിവെക്കണമെന്ന് ഒരു വിഭാഗം വാദിക്കുമ്പോൾ, ഇതേ "ധാർമ്മികത" ഉയർത്തിപ്പിടിച്ച് മറ്റൊരു വിഭാഗം ഖമറുദ്ദീന് പ്രതിരോധം തീർക്കുന്നു.

ജ്വല്ലറിയിൽ നിക്ഷേപമായി സ്വീകരിച്ച് 130 കോടി രൂപ തിരിച്ചു നൽകാതെ വിശ്വാസ വഞ്ചന കാട്ടിയെന്ന കേസിൽ അറസ്റ്റിലാവുകയും കടുത്ത ആരോപണം നേരിടുകയും ചെയ്യുന്ന ഖമറുദ്ദീൻ "ധാർമ്മികത"യുടെ പേരിൽ രാജിവെക്കേണ്ടതല്ലേ എന്ന ചോദ്യമാണ് പൊതു സമൂഹത്തിൽ ഉയരുന്നത്.

ഒരു പൊതു പ്രവർത്തകൻ, ഉന്നത രാഷ്ട്രീയ നേതാവ്, ജനപ്രതിനിധി എങ്ങനെയാണ് സമൂഹത്തിൽ ഇടപെടേണ്ടത്. വ്യക്തിജീവിതത്തിലും പൊതു ജീവിതത്തിലും സംശുദ്ധി കാത്തു സൂക്ഷിക്കേണ്ട ഇവർ അതിൽ നിന്നും വ്യതിചലിച്ചാൽ അത് നമ്മുടെ ജനാധിപത്യ സമൂഹത്തിന് തന്നെ നാണക്കേടുണ്ടാക്കുന്നതാണ്. മഞ്ചേശ്വരം എം എൽ എ ഒരു തട്ടിപ്പ് കേസിലാണ് പ്രതിയായി ഇപ്പോൾ റിമാന്റിൽ കഴിയുന്നത്. ഈ സംഭവം ജനാധിപത്യത്തിന് ഉണ്ടാക്കിയ പരിക്ക് ചെറുതൊന്നുമല്ല.

എന്നാൽ പൊതു പ്രവർത്തകർക്കും രാഷ്ട്രീയ നേതാക്കൾക്കുമെതിരെ ശക്തമായ അഴിമതി ആരോപണങ്ങളും കേസുകളും ഉണ്ടാകുന്നത് സർവ്വ സാധാരണമാണ്. ഭരണക്കാരുടെ ഇംഗിതമനുസരിച്ച് പ്രതിപക്ഷ നേതാക്കൾക്കെതിരെയും, പിന്നീട് പ്രതിപക്ഷം ഭരണപക്ഷത്താകുമ്പോൾ തിരിച്ചും വിജിലൻസിനെ കൊണ്ടും മറ്റ് ഏജൻസികളെ കൊണ്ടും കേസെടുപ്പിക്കുന്നതും അറസ്റ്റ് ചെയ്യുന്നതും സംസ്ഥാനത്ത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. പക്ഷേ, കേസിൽ പ്രതിചേർത്ത് അറസ്റ്റിലായി ജയിലിൽ പോകേണ്ട അവസ്ഥ സംജാതമാകുമ്പോൾ ജനപ്രതിനിധികൾ പാലിക്കേണ്ട ചില മര്യാദകളുണ്ട്.

അതിലൊന്നാണ് രാഷ്ട്രീയ "ധാർമ്മികത". ഇതാണ് എം സി ഖമറുദ്ദീൻ എം എൽ എ യെ അറസ്റ്റ് ചെയ്തതോടെ ചോദ്യം ചെയ്യപ്പെടുന്നത്.

എം സി ഖമറുദ്ദീനെതിരെ ഉയർന്നിരിക്കുന്നത് വെറും ആരോപണമല്ല. അദ്ദേഹത്തെ ക്രിമിനൽ കേസിൽ പ്രതിയാക്കിയാണ് അറസ്റ്റ് ചെയ്തതും ജയിലിലാക്കിയതും. ഈ സത്യം അദ്ദേഹവും അദ്ദേഹത്തിന്റെ പാർട്ടിയും മുന്നണിയും ഉൾക്കൊള്ളേണ്ടതാണ്. അറസ്റ്റ് ഉണ്ടായ ഉടൻ തന്നെ എം എൽ എ സ്ഥാനം രാജി വെച്ചിരുന്നെങ്കിൽ ഖമറുദ്ദീന്റെ നിരപരാധിത്വം എത്രത്തോളമുണ്ടെന്ന് പൊതു സമൂഹത്തിന് മനസ്സിലാക്കാൻ കഴിയുമായിരുന്നു. എന്നാൽ ഒന്നും സംഭവിച്ചില്ലെന്ന മട്ടിൽ ജനാധിപത്യത്തെ കൊഞ്ഞനം കുത്തുന്ന, അതല്ലെങ്കിൽ അദ്ദേഹത്തെ തിരഞ്ഞെടുത്തയച്ച വോട്ടർമാരെ വിഡ്ഢികളാക്കുന്ന നടപടിയാണ് ഈ ജനപ്രതിനിധിയിൽ നിന്നുണ്ടായിട്ടുള്ളത്. ഇവിടെ ഖമറുദ്ദീൻ രാഷ്ട്രീയ ധാർമ്മികത ഉയർത്തിപ്പിടിക്കണമായിരുന്നു. എന്നാൽ രാജി ആവശ്യപ്പെടേണ്ട അദ്ദേഹത്തിന്റെ പാർട്ടി, ഖമറുദ്ദീൻ രാജി വെക്കേണ്ടതില്ലെന്ന നിലപാടാണ് സ്വീകരിച്ചത്. അഴിമതിയിൽ മുങ്ങിക്കുളിച്ചു നിൽക്കുന്ന പിണറായി സർക്കാരിന്റെ മുഖം രക്ഷിക്കാൻ വേണ്ടി ഖമറുദ്ദീനെ കരുവാക്കിയതാണെന്നും, ഖമറുദ്ദീന്റെ അറസ്റ്റ് രാഷ്ട്രീയ പ്രേരിതമാണെന്നുമാണ് മുസ്ലീംലീഗ് ഉന്നതാധികാര സമിതിയുടെ വിലയിരുത്തൽ.

അവർ ആവർത്തിച്ചു പറയുന്നത് ഇത് തട്ടിപ്പ് കേസല്ല എന്നാണ്. ബിസിനസ് പൊളിഞ്ഞതുകൊണ്ടുണ്ടായ പ്രതിസന്ധിയാണ് ഖമറുദ്ദീനെ ഇത്തരമൊരു കുടുക്കിലാക്കിയതെന്നാണ് മുസ്ലീംലീഗിന്റെ ആവർത്തിച്ചുള്ള വിശദീകരണം.

എന്നാൽ മുസ്ലീംലീഗ് പാർട്ടിയുടെയും മഞ്ചേശ്വരം എം എൽ എ ഖമറുദ്ദീന്റെയും ഈ വിശദീകരണം പൊതു സമൂഹത്തിന് അത്ര എളുപ്പത്തിൽ വിശ്വസിക്കാൻ പ്രയാസമാണ്. ഇക്കാര്യത്തിൽ ധാർമ്മികത ഉയർത്തിക്കാട്ടാത്തിടത്തോളം കാലം, മുസ്ലീംലീഗിനോ അവരെ സഹായിക്കുന്ന യു ഡി എഫിനോ ഇന്ന് ഭരണ പക്ഷത്തിനെതിരെ ഉണ്ടായ രൂക്ഷമായ അഴിമതി ആരോപണങ്ങൾക്കെതിരെ പ്രതികരിക്കാൻ ധാർമ്മികമായ അവകാശമില്ലെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്.

ഖമറുദ്ദീൻ എം എൽ എ പ്രതിയായ ജ്വല്ലറി നിക്ഷേപ തട്ടിപ്പ് കേസ് അദ്ദേഹത്തിന്റെ പാർട്ടി നിസ്സാരമായി കണ്ടാൽ വരുന്ന തിരഞ്ഞെടുപ്പിൽ അത് മുസ്ലീം ലീഗിന് തന്നെ തിരിച്ചടിയായി മാറാനുള്ള സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നതെന്ന കാര്യവും ഓർക്കുന്നത് നല്ലത്.

2020 ആഗസ്ത് 27നാണ് ജ്വല്ലറി നിക്ഷേപ തട്ടിപ്പുമായി എം സി ഖമറുദ്ദീൻ എം എൽ യെ പ്രതിയാക്കി ആദ്യ കേസ് രജിസ്റ്റർ ചെയ്യുന്നത്. പിന്നീട് ഒന്നിന് പിറകെ ഒന്നായി പരാതികൾ ഉയരുകയും കേസുകൾ കുന്നു കൂടുകയും ചെയ്തതോടെ അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറി. ഇതിനിടയിൽ മുസ്ലീംലീഗ് നേതൃത്വം ഇടപെട്ട് നിക്ഷേപകർക്ക് പണം തിരിച്ചു നൽകി പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചെങ്കിലും വഴിമുട്ടി. ഇതിനിടയിലാണ് കേസുകളുടെ എണ്ണം കൂട്ടിയതോടെ അന്വേഷണത്തിന് പ്രത്യേക സംഘത്തെ നിയോഗിച്ചത്. നവംബർ 7ന് എം സി ഖമറുദ്ദീൻ എം എൽ എയെ ജില്ലാ പൊലീസ് ആസ്ഥാനത്തേക്ക് വിളിപ്പിച്ച് അറസ്റ്റ് രേഖപ്പെടുത്തുകയും ചെയ്തതോടെ സംഭവത്തിന് പുതിയ മാനവും കൈവന്നു. ഒരു തട്ടിപ്പ് കേസിൽ അറസ്റ്റിലായതോടെ നാല് പതിറ്റാണ്ട് നീണ്ട എം സി ഖമറുദ്ദീന്റെ രാഷ്ട്രീയ ജീവിതത്തിനാണ് മങ്ങലേറ്റത്. രാഷ്ട്രീയ രംഗത്ത് ഏറെ ശ്രദ്ധിത്തപ്പെട്ട യുവനേതാവായി വളർന്നു വന്ന എം സി ഖമറുദ്ദീൻ, ചെർക്കളം അബ്ദുള്ളയ്ക്ക് ശേഷം ജില്ലയിലെ മുസ്ലീംലീഗിലും യു ഡി എഫ്, രാഷ്ട്രീയത്തിലും അവസാന വാക്കായിരുന്നു. ജില്ലയിലെ രാഷ്ട്രീയ രംഗത്ത് ഉയർന്നു നിന്ന ഖമറുദ്ദീന്റെ വീഴ്ച മുസ്ലീം ലീഗ് രാഷ്രീയത്തിൽ വൻ പ്രതിസന്ധി തന്നെയാണ് സൃഷ്ടിക്കുക.

ബാബു,
മഞ്ചേശ്വരം.

കാസർകോട്- മംഗളൂരു ബസ് സർവ്വീസുകൾ പുനഃരാരംഭിക്കണം

കാസർകോട്- മംഗളൂരു ബസ് സർവ്വീസുകൾ പുനഃരാരംഭിക്കണം

കോവിഡ് കത്തിക്കാളി നിന്ന സാഹചര്യം ജില്ലയിൽ ഇപ്പോൾ മാറിയിട്ടുണ്ടെങ്കിലും അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ ഇപ്പോഴും പരസ്പര അകലം പാലിക്കുകയാണ്. അതാവട്ടെ സംസ്ഥാനത്തു നിന്നു മംഗളൂരുവിലേക്കുള്ള യാത്രക്കാരെ ഏറെ ബുദ്ധിമുട്ടിക്കുന്നു.

കോവിഡ് രൂക്ഷമായിരുന്ന ആദ്യഘട്ടത്തിൽ ജില്ലയിൽ നിന്നുള്ളവരെ അതിർത്തി ചെക്ക്പോസ്റ്റിൽ കർണ്ണാടക അധികൃതർ തടഞ്ഞിരുന്നു. കർണ്ണാടകയിൽ നിന്നു സംസ്ഥാനത്തേക്കെത്തുന്നവരെ ജില്ലയും ആദ്യഘട്ടത്തിൽ തടഞ്ഞു. പിന്നീട് അത്തരക്കാരെ പരിശോധിച്ച് ആരോഗ്യനില ഉറപ്പാക്കിയ ശേഷം ആശുപത്രിയിലേക്കോ, വീടുകളിലേക്കോ അയക്കുന്ന സംവിധാനവും ഏർപ്പെടുത്തിയിരുന്നു.

നിലവിൽ കോവിഡ് രോഗികളുടെ എണ്ണം നിയന്ത്രണവിധേയമാണ്. മാത്രമല്ല, രോഗത്തിന് ആദ്യഘട്ടത്തിലുണ്ടായിരുന്ന രൂക്ഷത കുറയുകയും ചെയ്തു.

സർക്കാരുകൾ അതിർത്തി ചെക്ക് പോസ്റ്റിലെ ഗതാഗത നിയന്ത്രണവും പരിശോധനകളും ഉപേക്ഷിച്ചു. ആർക്കും ഇപ്പോൾ യഥേഷ്ടം അങ്ങോട്ടുമിങ്ങോട്ടും പോകാം. പക്ഷേ, സ്റ്റേറ്റ് ബസുകളും സ്വകാര്യ ബസുകളും ഇപ്പോഴും അകലം പാലിക്കുകയാണ്.

കാസർകോടു നിന്നുള്ള കെ എസ് ആർ ടി സികളുൾപ്പെടെയുള്ള ബസുകൾ തലപ്പാടി ചെക്ക് പോസ്റ്റിനിപ്പുറത്തു യാത്ര മതിയാക്കുന്നു. അതേ സമയം കർണ്ണാടക സ്റ്റേറ്റ് ബസുകൾ മംഗലാപുരം യാത്രക്കാരെ കേരള സ്റ്റേറ്റ് ബസുകൾ സർവ്വീസ് നിറുത്തുന്നിടത്തുവരെ വന്നു യാത്രക്കാരെ കയറ്റിക്കൊണ്ടുപോകുന്നു. അതേ സമയം മംഗലാപുരത്തേക്കുള്ള കർണ്ണാടക സ്വകാര്യ ബസുകൾ ടോൾ ബൂത്തിനടുത്തു പാർക്ക് ചെയ്തു യാത്രക്കാരെ കയറ്റുന്നു.അത്യാവശ്യകാര്യങ്ങൾക്കു മംഗലാപുരത്തു പോകേണ്ടവരെ ഇതു ബുദ്ധിമുട്ടിക്കുന്നുണ്ട്. എല്ലാ കാര്യങ്ങൾക്കും മംഗളൂരുവിനെ ആശ്രയിക്കേണ്ട അവസ്ഥ ഇപ്പോഴും നിലനിൽക്കുന്ന ജില്ലയിലെ ജനങ്ങൾക്ക് എല്ലാ ബുദ്ധിമുട്ടുകൾക്കുമൊപ്പം ഈ വിഷമം കൂടി ഉണ്ടാക്കി വച്ചിരിക്കുകയാണ്. അതേ സമയം സ്വകാര്യവാഹനങ്ങൾക്കും ടൂറിസ്റ്റ് ബസ്സുകൾക്കും ലോറികൾക്കും വാടക വാഹനങ്ങൾക്കുമൊന്നും ചെക്ക്പോസ്റ്റിൽ തടസ്സമൊന്നുമില്ല.

ഈ സാഹചര്യത്തിൽ കാസർകോട്-മംഗലാപുരം ബസ് സർവ്വീസ് പുനരാരംഭിക്കാത്തത് എന്തുകൊണ്ടാണെന്നു വ്യക്തമല്ല. മറ്റെന്തു സൗകര്യമുണ്ടെങ്കിലും ഗതാഗത സൗകര്യം തടസ്സപ്പെട്ടാൽ മറ്റുള്ളവകൊണ്ട് എന്തു പ്രയോജനമാണുണ്ടാവുക.

ഈ സാഹചര്യത്തിൽ കാസർകോട്-മംഗലാപുരം ബസ് സർവ്വീസ് തടസ്സമില്ലാതെ പുനരാരംഭിക്കണം. അതിനുവേണ്ട നടപടികൾ എന്തുതന്നെയായാലും അതു അധികൃത തലത്തിലോ സർക്കാർ തലത്തിലോ ചർച്ച ചെയ്തു പരിഹരിക്കണം. ജനങ്ങളെ വീർപ്പുമുട്ടിച്ചു കൊണ്ടു സർക്കാരിന് എന്തു നേട്ടമാണ് ഉണ്ടാവുക.

നവീൻ
ഹൊസങ്കടി

തീരദേശ വാസികളെ വറുതിയിലേക്കു തള്ളി വിടരുത്

ജില്ലയിലെ തീരദേശ മേഖല നിലനിൽപ്പിനു കടുത്ത വെല്ലുവിളി നേരിടുന്നു.

മത്സ്യബന്ധനം മാത്രമാണ് ഇവരുടെ ഏക ജീവിതമാർഗ്ഗം. ഇതിനനുബന്ധമായി മത്സ്യവിൽപ്പനയും നടത്തുന്നു. കടലിന്റെ കനിവുകൊണ്ടുമാത്രം ജീവിതം നയിക്കുന്ന ഇവർക്ക് കടുത്ത വെല്ലുവിളിയുമായി അന്യ സംസ്ഥാന മത്സ്യബന്ധന സംഘവും അവരുടെ നിരോധിതവലകളും മാറുന്നു. രാത്രികാലങ്ങളിൽ കേരളതീരത്തോടടുത്തു കടലിനെ ആകെ തൂത്തുവാരുന്നവലകളുപയോഗിച്ചു മത്സ്യങ്ങളെയും മീൻ കുഞ്ഞുങ്ങളെയും ഇവ പിടിച്ചടക്കുന്നു.

പുലർച്ചയോടെ കടലിലിറങ്ങുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾ കണ്ണീർകുടിച്ചു നിരാശരായി മടങ്ങേണ്ട സ്ഥിതി ജില്ലയുടെ തീരദേശങ്ങൾ നേരിടുന്നു. കടലിനെ മുഴുവൻ കോരിയെടുക്കുന്ന വലകൾ കേരളതീരത്തു നിരോധിച്ചിരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനും സുരക്ഷിതത്വത്തിനും വേണ്ടിയാണിത്. ഇക്കാര്യം ഉറപ്പാക്കുന്നതിനു തീര സംരക്ഷണവിഭാഗവും അനധികൃത മത്സ്യബന്ധനം തടയുന്നതിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തുകയും ചെയ്തിരുന്നു.

എന്നാൽ എല്ലാ സംവിധാനങ്ങൾക്കും വെല്ലുവിളി ഉയർത്തുന്ന സർക്കാർ സ്ഥാപനങ്ങളും ജീവനക്കാരും ഇക്കാര്യത്തിലും കുറ്റകരമായ അനാസ്ഥ തുടരുകയാണ്. കോവിഡിനെത്തുടർന്നു ജീവിതത്തിന്റെ രണ്ടറ്റം മുട്ടിക്കാൻ കഴിയാതെ ജനങ്ങളാകെ വിഷമിക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ സ്ഥിതിയും വിഭിന്നമല്ല. കോവിഡ്കാലം ജീവിതത്തിൽ ഉണ്ടാക്കിയ പ്രതിസന്ധിക്കൊപ്പം കടൽ ഉദാരമായ പ്രോത്സാഹനവും നൽകിയിരുന്നു. തൊഴിലും വരുമാനവും ഇല്ലാതായ സമൂഹം ഒറ്റക്കെട്ടായി മത്സ്യവിപണനത്തിനിറങ്ങിയതു കടലമ്മയുടെ കനിവുകൊണ്ടും കരുതൽ കൊണ്ടുമായിരുന്നു. അതിന്റെ ഫലമായി ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ പ്രയാസപ്പെട്ടിരുന്ന സമൂഹത്തിനു വലിയ ആശ്വാസവും ലഭിച്ചു.

അതേ ജീവിതം ഒരു തരത്തിൽ തട്ടാതെ മുട്ടാതെ മുന്നോട്ടുകൊണ്ടുപോകാനുള്ള അവസരമാണ് ഉടൻ കൊല്ലിവലകളും അന്യസംസ്ഥാന മത്സ്യബന്ധന സംവിധാനങ്ങളും കേരളതീരത്തു വരുത്തിത്തീർത്തുകൊണ്ടിരുന്നത്. ഇതു തടഞ്ഞേതീരൂ. ഒരു ദിവസം രണ്ടോ മൂന്നോ അന്യസംസ്ഥാന മത്സ്യബന്ധനബോട്ടുകൾ തടഞ്ഞതുകൊണ്ടോ പിടികൂടിയതുകൊണ്ടോ ഇതു സാധ്യമാവില്ല. നിതാന്ത ജാഗ്രതയും കർശന നടപടിയും ഇതിനുകൂടിയേ തീരൂ. അധികൃത ഭാഗത്തു നിന്നു നടപടി ഉണ്ടായില്ലെങ്കിൽ നീതി നിഷേധിക്കപ്പെടുന്നവർ നീതി ഉറപ്പാക്കാൻ ശ്രമിച്ചുകൂടെന്നില്ല. അതു മുട്ടുമ്പോൾ ആരാണ് അടങ്ങിയിരിക്കുക. അത്തരത്തിൽ സംഭവിച്ചാൽ അതു ക്രമസമാധാന രംഗത്തെയും സമൂഹത്തെയും പ്രതികൂലമായി ബാധിക്കുമെന്നുറപ്പാണ്. അധികൃതർ അവരവരുടെ ഉത്തരവാദിത്വം ഉറപ്പാക്കിയാൽ ഇതൊക്കെ തടയാവുന്നതല്ലേ ഉള്ളൂ.

ഗോവിന്ദൻ
പള്ളിക്കര

താജുൽ ഉലമ, നൂറുൽ ഉലമ ആണ്ട് നേർച്ച; സ്വാഗതസംഘം രൂപീകരിച്ചു

ദേളി: ജാമിഅ സഅദിയ്യയുടെ സ്ഥാപിതകാലം മുതൽ പ്രസിഡന്റായിരുന്ന താജുൽ ഉലമാ ഉള്ളാൾ തങ്ങളുടെ ഏഴാം ആും ജനറൽ മാനേജറായിരുന്ന നൂറുൽ ഉലമാ എം.എ ഉസ്താദിന്റെ ആറാം ആണ്ട് നേർച്ചയും ഡിസംബർ 13ന് നടത്താൻ സഅദിയ്യ കേന്ദ്ര കമ്മിറ്റി യോഗം തീരുമാനച്ചു. കോവിഡ് സാഹചര്യം പരിഗണിച്ച് ഓൺലൈനിലൂടെ സംഘടിപ്പിക്കുന്ന പരിപാടിയുടെ നടത്തിപ്പിന് സ്വാഗതസഘം രൂപീകരിച്ചു. ജനറൽ സെക്രട്ടറി സയ്യിദ് ഫസൽ കോയമ്മ തങ്ങൾ കുറയുടെ അധ്യക്ഷതയിൽ കൺവെഷൻ കേരള മുസ്ലിം ജമാഅത്ത് സംസ്ഥാന ഉപാദ്ധ്യക്ഷൻ കെ.പി അബൂബക്കർ മുസ്ലിയാർ പട്ടുവം ഉദ്ഘാടനം ചെയ്തു. കല്ലട്ര മാഹിൻ ഹാജി, ബി.എസ് അബ്ദുല്ലകുഞ്ഞി ഫൈസി, അബ്ദുല്ലത്തീഫ് സഅദി പഴശ്ശി, കെ.പി ഹുസൈൻ സഅദി കെ.സി റോഡ്. എം.വി അബ്ദുറഹ്മാൻ മുസ്ലിയാർ പരിയാരം,പി.കെ അലികുഞ്ഞി ദാരിമി,അബ്ദുല്ലകുട്ടി ബാഖവി മഖ്ദൂമി, എം.എ അബ്ദുൽവഹാബ് തൃക്കരിപ്പൂർ, ഹാജി ഹമീദ് പരപ്പ, പ്രസംഗിച്ചു.പള്ളങ്കോട് അബ്ദുൽ ഖാദർ മദനി കൊല്ലമ്പാടി അബ്ദുൽ ഖാദർ സഅദി സംസാരിച്ചു. സ്വാഗതസംഘം രക്ഷാധികാരികളായി സയ്യിദ് കെ എസ് ആറ്റക്കോയ തങ്ങൾ കുമ്പോൾ, സയ്യിദ് ഫസൽ കോയമ്മ തങ്ങൾ കുറ, താജുശ്ശരീഅ എം ആലി കുഞ്ഞി മുസ്ലിയാർ, എപി അബ്ദുല്ല മുസ്‌ലിയാർ മാണിക്കോത്ത്, കെ പി അബൂബക്കർ മുസ്‌ലിയാർ പട്ടുവം, മാഹിൻ ഹാജി കല്ലട്ര, സയ്യിദ് ഇബ്രാഹിം പൂക്കുഞ്ഞി തങ്ങൾ കല്ലക്കട്ട, സയ്യിദ് പി എസ് ആറ്റക്കോയ തങ്ങൾ പഞ്ചിക്കൽ, കെ കെ ഹുസൈൻ ബാഖവി, ബി എസ് അബ്ദുല്ലക്കുഞ്ഞി ഫൈസി, മുഹമ്മദലി സഖാഫി തൃക്കരിപ്പൂർ എന്നിവരെ തെരഞ്ഞെടുത്തു. ഭാരവാഹികൾ സയ്യിദ് സൈനുൽ ആബിദീൻ അൽ അഹ്ദൽ കണ്ണവം (ചെയ.) കെ പി ഹുസൈൻ സഅദി കെ സി റോഡ്, സയ്യിദ് ജലാലുദ്ദീൻ അൽബുഖാരി മള്ഹർ, സയ്യിദ് മുനീറുൽ അഹ്ദൽ തങ്ങൾ, അബ്ദുൽ ഹകീം സഅദി തളിപ്പറമ്പ, സുലൈമാൻ കരിവെള്ളൂർ, എം എ അബ്ദുൽ വഹാബ് തൃക്കരിപ്പൂർ, ശാഫി ഹാജി കീഴൂർ, എം.ടി.പി അബ്ദുറഹ്മാൻ ഹാജി, അബ്ദുറഹ്മാൻ ഹാജി ബഹ്റൈൻ, അബ്ദുൽ റസാഖ് ഹാജി മേൽപറമ്പ (വൈ. ചെയ.). കൊല്ലമ്പാടി അബ്ദുൽ ഖാദർ സഅദി (ജന. കൺ.) ബഷീർ പുളിക്കൂർ, അബ്ദുൽ കരീം സഅദി ഏണിയാടി, അബ്ദുൽ റഷീദ് നരിക്കോട്, അബ്ദുൽ ഖഫാർ സഅദി ത്താണി, വി സി അബ്ദുല്ല സഅദി, ഹസൈനാർ സഖാഫി കുണിയ, അശ്റഫ് സഅദി ആരിക്കാടി, എം.ടി.പി ഇസ്മായിൽ സഅദി തൃക്കരിപ്പൂർ, (ജോ. കൺ.) അഹമ്മദ് അലി ബെിച്ചാൽ (ട്രഷ.) എന്നിവരെയും ഉപസമിതി കൺവീനർമാരായി പള്ളങ്കോട് അബ്ദുൽ ഖാദിർ മദനി (പ്രോഗ്രാം), ഇസ്മായിൽ സഅദി പാറപ്പള്ളി (ഫൈനാൻസ്), സി.എൽ ഹമീദ് ചെമ്മനാട് (മീഡിയ), അബ്ദുൽ റഹ്മാൻ കല്ലായി (സപ്ലിമെന്റ്), അബ്ദുല്ല സഅദി ചിയ്യൂർ (മജ്ലിസ്) ഉസ്മാൻ റസാ സഅദി (പ്രചരണം), അബ്ദുല്ല ഹാജി കളനാട് (ഫുഡ്), താജുദ്ദീൻ ഉദുമ (ഓഫീസ്). എന്നിവരെയും തിരഞ്ഞെടുത്തു.

ദേളി സഅദിയ്യയിൽ നടക്കുന്ന താജുൽ ഉലമ നൂറുൽ ഉലമ ആണ്ട് നേർച്ച സ്വാഗത സംഘ രൂപീകരണ കൺവെൻഷൻ കേരള മുസ്ലീം ജമാഅത്ത് സംസ്ഥാന ഉപാധ്യക്ഷൻ പട്ടുവം കെ പി അബൂബക്കർ മുസ്ലിയാർ ഉദ്ഘാടനം ചെയ്യുന്നു

അനുസ്മരണം

ഇഖാമത്ത് കൊടുക്കാൻ ഇനി സിബിച്ച ഉണ്ടാവില്ലല്ലോ

സമസ്തയുടെയും, മുസ്ലിം ലീഗിന്റെയും പ്രവർത്തന മേഖലയിൽ നിറസാന്നിധ്യമായിരുന്ന സിബി അബ്ദുല്ല ഹാജിയുടെ മരണം വല്ലാതെ തളർത്തുകയാണ്, എന്നും സ്നേഹത്തോടെ മാത്രം പെരുമാറുന്ന മികച്ച ഒരു പൊതു പ്രവർത്തകനായിരുന്നു സിബിച്ച വർഷങ്ങൾക്ക് മുമ്പ് ചെങ്കളയിൽ ജോലിക്ക് പ്രവേശിച്ചത് മുതൽ ആരംഭിച്ച ആ ബന്ധം ഇന്നും മുറിയാതെ കാത്ത് സൂക്ഷിക്കാനായത് ആ വ്യക്തിയുടെ സനേഹത്തോടെയുള്ള ഇടപ്പെടൽ കൊണ്ട് മാത്രമാണ്, എന്നും ആരുടെ മുമ്പിലും നിറപുഞ്ചിരിയോടെ മാത്രമെ സിബിച്ചയെ കാണുകയുള്ളു, രാഷ്ട്രീയ മേഖലയിൽ പ്രവർത്തിക്കുന്ന പലരിൽ നിന്നും വിത്യസ്ഥ സ്വഭാവമുള്ള ഒരു രാഷ്ട്രീയ പ്രവർത്തകനായിരുന്നു സിബി വെറും രാഷ്ട്രീയക്കാരനാവാതെ സമസ്തയുടെയും, ദീനി സ്ഥാപനത്തിന്റെയും പ്രവർത്തനത്തിൽ അദ്ദേഹം ചെയ്ത സേവനം മറക്കാൻ കഴിയാത്തതാണ്. അഞ്ച് നേരത്തെ നിസ്കാരം കൃത്യമായി ജമാഅത്തോടെ നിസ്കരിക്കുന്നു എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രത്യേകത. ബാങ്ക് വിളി കേട്ടാൽ എല്ലാം മാറ്റി വെച്ച് അദ്ദേഹം പള്ളിയിലേക്കാണ്, നിസ്കാര സമയമായാൽ പള്ളിയിൽ ഇഖാമത്ത് കൊടുക്കുന്നതിലും സിബിച്ചാക്ക് യാതൊരു മടിയുമുണ്ടാവില്ല, ഫർള് നിസ്കാരത്തിന് ശേഷം സുന്നത്ത് നിസ്കാരമല്ലാം നിസ്കരിച്ച് മാത്രമേ പള്ളിയിൽ നിന്ന് പോവുകയുള്ളു, സമസ്തയെയും ലീഗിനെയും ഏറെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്തിരുന്നു. ചെങ്കള പഞ്ചായത്ത് ഭരണ സമിതി പ്രസിഡന്റായ പ്പോൾ ഒട്ടേറെ പ്രവർത്തനമാണ് അദ്ദേഹം കാഴ്ച്ച വെച്ചത്, ഒരു പൊതു പ്രവർത്തകന് ഉണ്ടാവേണ്ട എല്ലാ ഗുണങ്ങളും സിബിച്ചക്ക് ഉണ്ടായിരുന്നു. എന്നും ചിരിച്ച് മാത്രമെ അദ്ദേഹത്തെ കാണാറുള്ളു അതു പോലെ മരണ സമയത്തും അംഗശുദ്ധി ചെയ്ത് പ്രാർത്ഥിക്കുന്നതിനടയിൽ മരിക്കാൻ സാധിച്ചത് അല്ലാഹു നൽകിയ ഏറ്റവും വലിയ സൗഭാഗ്യമാണ്. അദ്ദേഹത്തിനു പരലോക ജീവിതം സന്തോഷത്തിലാക്കട്ടെ.

ഹാരിസ് ദാരിമി ബെദിര